**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1207</u>** **<u>18-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ഹെൽത്തി കിഡ്സ് പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന കായിക വകുപ്പ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ലോവർ പ്രൈമറി തലത്തിൽ നടപ്പാക്കുന്ന കായിക വിനോദ പദ്ധതിയായ ഹെൽത്തി കിഡ്സ് പദ്ധതിയെക്കുറിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസീകവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനു സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനു പൊതുവിദ്യാഭ്യാസ വകുപ്പ്, SCERT, NGGF (നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻസ ഫൗണ്ടേഷൻ) എന്നിവയുമായി സഹകരി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേ കായിക യുവജന കാര്യാലയം ആവിഷ്കരി നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്ത കിഡ്സ്.<br><br>ഈ പദ്ധതിയിലൂടെ കുട്ടികളുടെ ശാരീരികവു മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനും, കൂടാതെ പ്രൊഫഷണൽ ഗെയിമുകളുടെ അടിസ്ഥാനപരമായ വഴികളിലേക്കുള്ള പരിചയം നൽകി, അവർക്ക് സ്പോർട്സിലു ഗെയിമുകളിലും താത്പര്യം വളർത്തുന്നതിനു സഹായിക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ കായികവും ബൗദ്ധികവുമായ ശേഷികൾ മെച്ചപ്പെടുത്തുകയാണ് പ്രധാന ലക്ഷ്യം.<br><br>നിലവിൽ കേരളത്തിലെ തെരഞ്ഞെടുത്ത 55 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് അടുത്ത ഘട്ടമായി, CSR ഫണ്ട്, MLA ഫണ്ട് MP ഫണ്ട് തുടങ്ങിയ ഫണ്ടിംഗ് സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിന്, 06/07/2025ലെ സ.ഉ. (സാധാ) നമ്പർ 190/2025/കാ.യു.വ പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ CSR ഫണ്ട് |

| | | | |
|---|---|---|---|
| | | | സ്പോൺസർഷിപ്പ് തുടങ്ങിയ സമാഹരിക്കുന്നതിനായി, PSU-കള സാമൂഹിക ക്ലബ്ബുകളുടെയും പ്രതിനിധികളെ പങ്കെടുപ്പിച്ച് ഒരു കോൺക്ലേവ് (Conclave) സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പദ്ധതിയെ കേരളത്തിലെ എല്ലാ ലോവർ പ്രൈമറി സ്കൂളുകളിലേക്കും വ്യാപിപ്പിക്കുക എന്നതാണ അടുത്ത ഘട്ടത്തിലെ ലക്ഷ്യം. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയ വിദ്യാലയങ്ങളിൽ നിന്നുള്ള പ്രവർത്തനാനുഭവവും പദ്ധതി നടപ്പിലാക്കിയതിലൂടെ കൈവന്ന നേട്ടങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പദ്ധതി നടപ്പാക്കിയ വിദ്യാലയങ്ങളിൽ നിന്നുള്ള പ്രവർത്തനാനുഭവങ്ങളും കൈവരിച്ച നേട്ടങ്ങളും വിലയിരുത്തപ്പെട്ടിട്ടുണ്ട്. ആകെ 334 അധ്യാപകർ പ്രതികരണ ഫോറം പൂരിപ്പിച്ച്, പരിശീലനങ്ങളുടെ ഫലപ്രാപ്തി, പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ, വിദ്യാർത്ഥികളുടെ പങ്കാളിത്തം, കാണപ്പെട്ട മെച്ചപ്പെടുത്തലുകൾ, മൊബൈൽ ആപ്പിന്റെ ഉപയോഗസൗകര്യം, മേൽനോട്ട സംഘത്തിന്റെ പ്രകടനം എന്നിവ സംബന്ധിച്ച അവരുടെ അനുഭവങ്ങളും നിരീക്ഷണങ്ങളും നിർദേശങ്ങളുമായി പങ്കുവെച്ചിട്ടുള്ള വിവരം സ്പോർട്സ് കേരള ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്.<br><br>അധ്യാപകരുടെ ഈ പ്രതികരണങ്ങൾ മുഖ്യമായും അഞ്ച് മേഖലകളെ ഉൾക്കൊള്ളുന്നതാണ്:<br><br>പരിശീലനങ്ങളുടെ ഫലപ്രാപ്തി<br><br>പരിപാടി നടത്തുന്നതിനുള്ള സൗകര്യങ്ങൾ<br><br>വിദ്യാർത്ഥികളുടെ പങ്കാളിത്തം<br><br>കുട്ടികളിൽ കണ്ട മെച്ചപ്പെടുത്തലുകൾ<br><br>മൊബൈൽ ആപ്പിന്റെയും മേൽനോട്ട സംഘത്തിന്റെയും പ്രവർത്തനക്ഷമത. |

സെക്ഷൻ ഓഫീസർ